## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4273 　　　　24.06.2019 -ൽ മറുപടിക്ക്

## കേരളത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മാ നിരക്ക്

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ തൊഴിൽ വകുപ്പ് പുറത്തിറക്കിയ എംപ്ലോയ്മെന്റ്-അൺ എംപ്ലോയ്മെന്റ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ സ്ത്രീകളിലെ തൊഴിലില്ലായ്മ നിരക്ക് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ് എന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ ; | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ലേബർ സ്റ്റാറ്റിസ്റ്റിക്സ് തൊഴിൽ സർവ്വേ പ്രകാരം കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം 30.8% ആയിട്ടാണ് കണക്കാക്കിയിട്ടുളളത്. ഇത് ദേശീയ ശരാശരിയായ 23.7% നേക്കാൾ കൂടുതലാണ്. കേരളത്തിലേതിനേക്കാൾ സ്ത്രീ തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സ്ഥലങ്ങൾ പലതും വടക്കു കിഴക്കൻ സംസ്ഥാനങ്ങളും ആന്ധ്രാ, തെലുങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ വ്യവസായ നഗരങ്ങൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമാണ്. മറ്റുള്ള സംസ്ഥാനങ്ങളിൽ കേരളത്തെക്കാളും താഴ്ന്ന നിലയിലാണ് ജോലി ചെയ്യുന്ന സ്ത്രീകളുടെ ശതമാനം എന്ന് കാണാവുന്നതാണ്.<br>കേരളത്തിൽ സംഘടിത മേഖലയിൽ 2018 ഡിസംബർ മാസത്തെ കണക്ക് അനുസരിച്ച് 12.37 ലക്ഷം പേർ പണിയെടുക്കുന്നതായാണ് സൂചിപ്പിക്കുന്നത്. ഇതിൽ പൊതുമേഖലയിൽ 5.59 ലക്ഷം പേരും സ്വകാര്യ മേഖലയിൽ 6.78 ലക്ഷം പേരുമാണ് തൊഴിൽ എടുക്കുന്നത്. ഇതിൽ പൊതുമേഖലയിൽ സ്ത്രീകളുടെ എണ്ണം 1.92 ലക്ഷം മാത്രമാണ്. അതായത്, 34.34% ആണ് സ്ത്രീ പങ്കാളിത്തം. എന്നാൽ സ്വകാര്യ മേഖലയിൽ ആകെ പണിയെടുക്കുന്ന 6.78 ലക്ഷം തൊഴിലാളികളിൽ 3.4 ലക്ഷം പേർ, ഏതാണ്ട് |

| | | | |
|---|---|---|---|
| | | | പകുതിയിൽ കൂടുതൽ, സ്ത്രീകളാണ് (50.1%). അത് പുരുഷ തൊഴിലാളികളേക്കാൾ 0.1% കൂടുതലാണ്. മേൽ സൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നത്, കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനെക്കാൾ കൂടുതലാണ് എന്നാണ്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും കേരളത്തിൽ തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ എണ്ണം തീരെ കുറവാണെന്നു കണക്കാക്കാൻ സാധിക്കുകയില്ല.<br>മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ പൊതുവെ ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടിയിട്ടുള്ളവരായതിനാൽ, ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യത കൈവരിച്ചവർ അതിനനുസൃതമായ തൊഴിലിനായി ശ്രമിക്കുന്നത് തൊഴിലില്ലായ്മ നിരക്ക് വർദ്ധിപ്പിക്കുന്നതോടൊപ്പം പൊതു തൊഴിലിടങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം കുറയുന്നതിനും കാരണമാകുന്നു. |
| (ബി) | എങ്കിൽ കൂടുതൽ സ്ത്രീകളെ ജോലികളിലേക്ക് ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ബി) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്കായി വകുപ്പ് വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ത്രീകൾക്കായി, {വിധവകൾ, വിവാഹമോചിതർ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, 30 വയസ്സിനു മുകളിൽ വിവാഹിതരാകാത്ത സ്ത്രീകൾ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകൾ} 2010-11 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള ശരണ്യ സ്വയം തൊഴിൽ പദ്ധതിയിലൂടെ ധാരാളം സ്ത്രീകൾ സ്വയം തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം നേടിയിട്ടുണ്ട്. അതോടൊപ്പം മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, "കെസ്റ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) സ്വയം |

| | | | |
|---|---|---|---|
| | | | തൊഴിൽ" എന്നീ പദ്ധതികളിലൂടെ ബിരുദധാരികളായ സ്ത്രീകൾക്ക് മുൻഗണന നൽകി ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം വകുപ്പ് നടത്തുന്ന പി.എസ്.സി മത്സരപരീക്ഷാ പരിശീലന ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളിൽ സ്ത്രീകൾക്ക് 50 ശതമാനത്തിനു മുകളിൽ പരിശീലനം സിദ്ധിയ്ക്കുകയും അതിലൂടെ ധാരാളം സ്ത്രീ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**